K. A. M. L. P. S. MULAMKUNNU

# Academic Master Plan

2025-2026

# ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളെ ഗുണനിലവാരത്തിന്റെ മുൻപന്തിയിൽ നിർത്തുന്നതിനാവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസസാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസികവളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ മുഖ്യമായും ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഈ മാസ്റ്റർ പ്ലാൻ നമ്മുടെ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്ന് വിശ്വസിക്കട്ടെ.

എല്ലാ അക്കാദമിക് പ്രവർത്തനങ്ങളെയും ഏറ്റെടുത്ത് പ്രവർത്തിക്കുന്ന KAMLPS Malamkunnu school, എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് മുന്നോട്ടു നയിക്കുന്ന ബഹു. ഹെഡ്മാസ്റ്റർ ശ്രീ. രാകേഷ് എം.എം.; മറ്റ് അദ്ധ്യാപകർ, പി. ടി. എ, എം. പി. ടി. എ, രക്ഷിതാക്കൾ

പൊതുസമൂഹം എന്നിവരുടെ സഹായ സഹകരണത്തോടെ പുതിയ അധ്യയനവർഷത്തിൽ 'മികവിന്റെ പൊൻപ്പിഞ്ചുരുക'ളെന്ന ദൃഢമായ ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനും എല്ലാ കുട്ടികളെയും ഉന്നതിയിലെത്തിക്കുന്നതിനുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടുമെന്ന ഉറച്ച വിശ്വാസത്തോടുകൂടിയും പ്രതീക്ഷയോടുകൂടിയും സമർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ

പി.ടി.എ. പ്രസിഡന്റ്

എം.പി.ടി.എ. പ്രസിഡന്റ്

# കെ. എ. എം. എൽ. പി. സ്കൂൾ മുളംകുന്ന്

ഇടുക്കി ജില്ലയിൽ പീരുമേട് ഉപജില്ലയിൽ കൊക്കയാർ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡായ മുളംകുന്ന് എന്ന സ്ഥലത്ത് കുമാരനാശാൻ മെമ്മോറിയൽ എൽ. പി. സ്കൂൾ സ്ഥിതിചെയ്യുന്നു. തികച്ചും മലയോര ഗ്രാമമായ മുളംകുന്നിന്റെ ചരിത്രം മാറ്റിമറിച്ച സ്കൂളിന്, കർഷകരും കാർഷികതൊഴിലാളികളും തിങ്ങിനിറഞ്ഞ പ്രദേശത്തിന് വെളിച്ചം പകരുവാൻ സാധിച്ചു. മഹാകവി കുമാരനാശാന്റെ നാമത്തിൽ സ്ഥാപിതമായ നമ്മുടെ സ്കൂൾ നാൾക്കുനാൾ പുരോഗതിയിലേക്ക് കുതിക്കുകയാണ്. അറിവിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തുകൊണ്ട് നമ്മുടെ സ്കൂൾ ഇന്നും അതിന്റെ ജൈത്രയാത്ര തുടരുന്നു.

ഈ സ്കൂൾ ആരംഭിക്കുവാൻ കാരണഭൂതരായ എല്ലാ മഹദ്വ്യക്തികളെയും ഈ അവസരത്തിൽ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിനുള്ള കഴിവ് ഉറപ്പാക്കുക.
* കുട്ടികളുടെ സർഗവാസനകൾ, ശേഷികൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനം ലഭ്യമാക്കൽ.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന്.
* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ക്ലാസ്മുറികളിൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
* ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ ഒരുക്കുക.
* നാടൻ വിഭവങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും കൃഷിയുടെ മാഹാത്മ്യം തിരിച്ചറിയുന്നതിനും വിഷരഹിത പച്ചക്കറി എന്ന ആശയം നടപ്പിലാക്കുന്നു.
* ലഹരിവിമുക്ത - മാലിന്യമുക്ത വിദ്യാലയം എന്ന ആശയത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കൽ.

* മാലിന്യമുക്ത വിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
* വിദ്യാലയം മനോഹരമാക്കൽ
* കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ മികവ് നേടുന്നതിനായി spoken English പരിശീലനം.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്ന അധ്യാപക സമൂഹം.
* ശിശുസൗഹൃദ വിദ്യാലയം
* 'ഓരോ കുട്ടിയും ഒന്നാമനാണ്' കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. പരിഗണനയും പിന്തുണയും
* പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള വ്യക്തിഗത പിന്തുണയും കരുതലും.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ മികവാർന്ന രീതിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകവേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
* കാർഷികപ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

* എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്കുതകുന്ന തരത്തിലുള്ള ശേഷികൾ നേടി എന്നുറപ്പുവരുത്തുക.
* കുട്ടികളുടെ സർഗശേഷി വളർത്തുക.
* മികച്ച വായനാശീലം വളർത്തുക.
* ആശയാവിഷ്കരണത്തിനുള്ള കഴിവ് നേടുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് ഉറപ്പു വരുത്തുക, അവസരം ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിൽ പ്രയോജനപ്പെടുത്തുക.

ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പുവരുത്തുക.
* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

കലാപരിശീലനം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
* 'ഓരോ കുട്ടിയും ഒന്നാമതാണ്' എന്ന ബോധ്യം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

ആരോഗ്യകായികവിദ്യാഭ്യാസം

* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* ആരോഗ്യശീലങ്ങൾ വളർത്തുക
* വിദ്യാലയത്തെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

ഭാഷ

പ്രവർത്തനം 1.

പേര് - പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല - വായന

ലക്ഷ്യം - കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

പ്രവർത്തനങ്ങൾ - പുസ്തകങ്ങൾ ലൈബ്രറിയ്ക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു.

കാലം - ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം)

ചുമതല - Class Tr

പ്രവർത്തനം 2

പേര് - എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല - വായന

ലക്ഷ്യം - മികച്ച വായനശീലം വളർത്തുക.

പ്രവർത്തനങ്ങൾ

എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

കാലം - ജൂൺ - മാർച്ച്

ചുമതല - Class Tr

സാമ്പത്തിക വിശകലനം

പ്രവർത്തനം 3

പേര് - അക്ഷരക്കൂട്ടം < വായനാകോർണർ >

ഉപമേഖല - വായന

ലക്ഷ്യം - മികച്ച വായനശീലം വളർത്തുക

ഒഴിവുസമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു.

കാലം - ജൂൺ - മാർച്ച്
ചുമതല - സ്കൂൾ ലൈബ്രറികമ്മറ്റി,
Class Teacher

സാമ്പത്തിക വിശകലനം -

പ്രവർത്തനം 4

പേര് - സ്കൂൾ ലൈബ്രറി
ഉപമേഖല - വായന
ലക്ഷ്യം - മികച്ച വായനശീലം വളർത്തുക

പ്രവർത്തനങ്ങൾ

സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ, ലൈബ്രേറിയനെ നിയമിക്കൽ.
കാലം - എല്ലാ മാസവും
ചുമതല - Class Tr
സാമ്പത്തിക വിശകലനം -

പ്രവർത്തനം 5

പേര് - രചനോത്സവം
ഉപമേഖല - ലേഖനം
ലക്ഷ്യം - ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

പ്രവർത്തനങ്ങൾ

വായിച്ച പുസ്തകങ്ങളുടെ കുറിപ്പുകൾ വായനക്കുറിപ്പ് തയ്യാറാക്കൽ
കാലം - ജൂൺ - മാർച്ച്
ചുമതല - Class Teacher

സാമ്പത്തിക വിശകലനം.

## ഇംഗ്ലീഷ്

പ്രവർത്തനം -1
പേര് - ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല - പ്രകടനവേദികൾ
ലക്ഷ്യം - ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ.
കാലം - ആഴ്ചയിൽ ഒരു ദിവസം
ചുമതല - English Tr, Class Tr.
സാമ്പത്തിക വിശദാംശം -

പ്രവർത്തനം 2
പേര് - ഇംഗ്ലീഷ് ഡയറി (3,4 class)
ഉപമേഖല - ലേഖനം
ലക്ഷ്യം - ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്
പ്രവർത്തനങ്ങൾ - ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക.

പ്രവർത്തനം 3
പേര് - ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല - ലേഖനം
ലക്ഷ്യം - ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കൽ
പ്രവർത്തനങ്ങൾ
ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ബുള്ളറ്റിൻ ഒരുക്കുന്നു.

ജൂൺ - പരിസ്ഥിതി

ജൂലൈ - ചന്ദ്രൻ

ആഗസ്റ്റ് - സ്വാതന്ത്ര്യദിനം

സെപ്റ്റംബർ - ഓണം

ഒക്ടോബർ - ഗാന്ധിജയന്തി

നവംബർ - കേരളം

ഡിസംബർ - ക്രിസ്തുമസ്

ജനുവരി - ന്യൂഇയർ

ചുമതല - class Tr

## ഗണിതം

പേര് - ഗണിതവർക്ക്ഷീറ്റ്

ലക്ഷ്യം - പാഠപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാകുട്ടികളെയും അർഹരാക്കുക.

പ്രവർത്തനങ്ങൾ

പ്രവർത്തനം।

എല്ലാ class യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ

കാലം - ഓരോ ടേമിന്റെയും ഒടുക്കത്തിൽ।

ചുമതല - അധ്യാപകർ

പ്രവർത്തനം 2.
പേര് - ഗണിതലാബ് (ഗണിതമയൂരം)
ഉപമേഖല - ഗണിതകേളികൾ
പ്രവർത്തനങ്ങൾ

കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ പറ്റുന്ന തരത്തിലുള്ള ഗണിതലാബ്

ലക്ഷ്യം - അടിസ്ഥാനഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുക.

പ്രവർത്തനം 3
പേര് - യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല - യൂണിറ്റ് ടെസ്റ്റ്

ലക്ഷ്യം - ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ.

പ്രവർത്തനങ്ങൾ

ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പാക്കുന്നു.

പ്രവർത്തനം 4
പേര് - ഗണിതമൂല
ഉപമേഖല - ഗണിതകേളികൾ

ലക്ഷ്യം - അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്നതിന്.

പ്രവർത്തനങ്ങൾ

ക്ലാസ്സ് മുറികളിൽ (1-4) ഗണിതമൂലകൾ (ക
ക്കി ഒരുക്കിയിരുന്നു (മഞ്ചാടി, കുന്നിക്കുരുകൾ)

# പരിസരപഠനം

പ്രവർത്തനം - 1

പേര് - എന്റെ പരിസരം (കുറിപ്പ് തയ്യാറാക്കൽ) Class 4.

ഉപമേഖല - ശാസ്ത്രാവബോധം വളർത്തൽ

ലക്ഷ്യം - ശാസ്ത്രീയമനോഭാവം വളർത്തുക.

പ്രവർത്തനങ്ങൾ - പരിസരങ്ങൾ വൃത്തിയാക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പരിസരം കുറിപ്പ് തയ്യാറാക്കൽ.

കാലം - ഒക്ടോ. മാസത്തിൽ

ഉപകരണം - Class TV

സാമ്പത്തികം -

പ്രവർത്തനം-2

പേര് - പരിസര കിറ്റ്

ഉപമേഖല - നിരീക്ഷണ പ്രവർത്തനങ്ങൾ

ലക്ഷ്യം - ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

പ്രവർത്തനങ്ങൾ

മുഴുവൻ കുട്ടികൾക്കും (3,4) ശാസ്ത്ര പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ.

കാലം - ജൂൺ മാസം മുതൽ മാർച്ച് മാസം വരെ

ഉപകരണം - Class TV

സാമ്പത്തികം.

# ലഹരിവിമുക്ത വിദ്യാലയം

പ്രവർത്തനം -1

പേര് - നോ ലഹരി,

മേഖല - ശാരീരിക-മാനസിക ആരോഗ്യ ബോധവൽക്കരണം.

ലക്ഷ്യം - കുട്ടികളിൽ ലഹരിയെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അവബോധം വളർത്തുക.

## പ്രവർത്തനങ്ങൾ

ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ നിർമ്മാണം, പ്രദർശനം (ICT) റാലി എന്നിവയിലൂടെ കുട്ടികളിൽ അവബോധം വളർത്തുന്നു.

കാലം - അധ്യയന ആരംഭം മുതൽ എല്ലാ മാസവും
ജൂൺ - മാർച്ച്

ചുമതല - പോലീസ്, ആരോഗ്യവകുപ്പ്

സാമ്പത്തികം -

നാടൻവിളകൾ ( കൃഷിപരിപാലനം)

പേര് - നാടൻവിഭവങ്ങൾ പരിചയപ്പെടൽ

ഉപമേഖല - കൃഷിപരിപാലനം

ലക്ഷ്യം - കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനും വിഷരഹിതമായ പച്ചക്കറികളുടെ മഹാത്മ്യം മനസ്സിലാക്കുന്നതിനും.

പ്രവർത്തനങ്ങൾ

നാടൻ വിളകൾ കൃഷിചെയ്യുന്നു. (ചേന, ചേമ്പ്, കാച്ചിൽ, വാഴ ...) പരിപാലനം നടത്തുന്നു.

കാലം

ജൂലൈ — മാർച്ച്

ചുമതല — അദ്ധ്യാപകർ

സാമ്പത്തികം -

# സർഗവേദി

പ്രവർത്തനം 1

പേര് - സർഗവേദി

ഉപമേഖല - പ്രകടനവേദികൾ

ലക്ഷ്യം - കലാഭിരുചി വളർത്തുക/ കുട്ടികളുടെ സർഗാത്മക കഴിവുകൾ

പ്രവർത്തനങ്ങൾ

ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ.

നേതൃത്വം - വിദ്യാർത്ഥികൾ

കാലം - എല്ലാ ആഴ്ചയിലും

ചുമതല - Class Tr, SRG

സാമ്പത്തിക വിശകലനം -

പ്രവർത്തനം 2

പേര് - പ്രകടനവേദികൾ

ഉപമേഖല - സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങൾ - ഓരോ പ്രവർത്തനങ്ങളും എടുത്ത് കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെയ്ക്കൽ.

ലക്ഷ്യം

ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസനത്തിന് അവസരം ഒരുക്കുക

കാലം — June — march

ചുമതല — Class Tr, SRG

സാമ്പത്തികം -

## പ്രവൃത്തിപരിചയം

പ്രവർത്തനം -1
പേര് - പ്രവൃത്തിപരിചയ ശില്പശാല
ഉപമേഖല - നിർമ്മാണ കഴിവുകൾ പരിപോഷിപ്പിക്കുക.
ലക്ഷ്യം - നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
പ്രവർത്തനങ്ങൾ - പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഘുമത്സരങ്ങൾ, നിർമ്മാണം.
കാലം - ഒക്ടോബർ, നവംബർ
ചുമതല - Class Tr
സാമ്പത്തികം -

## വിവരസാങ്കേതികവിദ്യ

പ്രവർത്തനം -1
പേര് - വിവരസാങ്കേതികവിദ്യ പരിശീലനം.
ഉപമേഖല - അധ്യാപകശാക്തീകരണം.
ലക്ഷ്യം - വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
പ്രവർത്തനങ്ങൾ
പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടൽ
കാലം
ഓരോ മാസത്തിലും
ചുമതല - Class Teacher
സാമ്പത്തികം -

# നിർവ്വഹണ ചുമതല

ശ്രീ. എം. എം. രാജേഷ് <Headmaster>

സുരേഷ് കെ. വി.

അമ്പിളി K.S

സൗമ്യാമോൾ കെ. എസ്

ചിഞ്ചു പി. എസ്

അമൽസിംഗ് സി. ജി.